## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ താഴെക്കോട് ഗ്രാമ പഞ്ചായത്തിന്റെ 2008-2009 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ 68,960/- രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്

സ.ഉ(സാധാ)നം.470/2017/തസ്വഭവ തിരുവനന്തപുരം,തീയതി 18/02/2017

---

പരാമർശം : 1. താഴെക്കോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 21/01/2014 തീയതിയിലെ എച്ച് സി 3998/2013 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 28/06/2014 തീയതിയിലെ എം3- 21030/2014 നമ്പർ കത്ത്

3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 09/04/2015 തീയതിയിലെ എൽ എഫ് 12417/പി റ്റി 3/2015 നമ്പർ കത്ത്

### ഉത്തരവ്

മലപ്പുറം ജില്ലയിലെ താഴെക്കോട് ഗ്രാമപഞ്ചായത്തിൽ 2010-11 വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'പട്ടിക വർഗ്ഗക്കാർക്ക് സേവന പരിചരണ പരിപാടി' (പ്രൊജക്ട് നമ്പർ S.O 211/10-11) (പ്രോജക്ട് നം. S.O 171/10-11) എന്നീ പ്രോജക്ടുകൾ വഴി വസ്ത്ര, ഭക്ഷ്യധാന്യ വിതരണം എന്നീ ഇനങ്ങളിലായി ചെലവഴിച്ച 68,960/- രൂപ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2008-09 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. സർക്കാർ ഉത്തരവ് (എം.എസ്) നം. 183/07/തസ്വഭവ തീയതി 24/07/2007 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം വ്യക്തികൾക്കും കുടുംബങ്ങൾക്കും വസ്ത്രവിതരണം നൽകുന്നത് അനുവദനീയമല്ലാത്തതിനാലും, സർക്കുലർ നം. 71413/ഡിബി2/2008/തസ്വഭവ തീയതി 10/11/2008 പ്രകാരം ശിശുവികസന പരിപാടിയുടെ ഭാഗമായുള്ള പോഷകാഹാര പദ്ധതികൾ, ആശ്രയ അഗതി പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭക്ഷ്യ ധാന്യ വിതരണ പ്രൊജക്ടുകൾ എന്നിവ അല്ലാതെ വികസന ഫണ്ട്, തനത് ഫണ്ട് എന്നിവ വിനിയോഗിച്ച് ഭക്ഷ്യധാന്യ വിതരണം ചെയ്യുന്ന മറ്റ് പ്രോജക്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കാൻ പാടില്ലാത്തതിനാലും ഡി പി സി അംഗീകാരം ലഭിച്ചാൽ പോലും ഇത്തരം പദ്ധതികൾ നടപ്പിലാക്കിയാൽ അതിന്റെ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കാവുന്നതാണ് എന്ന പ്രസ്തുത സർക്കുലറിലെ നിർദ്ദേശ പ്രകാരവുമാണ് 68,960/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്.

2) പഞ്ചായത്തിലെ ആദിവാസി കോളനികളിൽ ഭക്ഷണവും വസ്ത്രവും ചികിത്സയും ലഭിക്കാതെ പരമദയനീയമായ അവസ്ഥയിലാണ് കോളനി നിവാസികൾ കഴിഞ്ഞിരുന്നതെന്നും ഇത് ദൃശ്യ മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതിനെ തുടർന്ന് വൻ ജനരോഷം നേരിടേണ്ടി വന്ന അടിയന്തിരവും നിർബന്ധിതവുമായ സാഹചര്യത്തിലാണ്

പഞ്ചായത്ത് ഭരണ സമിതി അംഗീകാരത്തോടെ പ്രസ്തുത പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതെന്നും പഞ്ചായത്തിന് ഈയിനത്തിൽ യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത ചെലവിന് സർക്കാർ സാധൂകരണം നൽകണമെന്നും സൂചന ഒന്ന് കത്ത് പ്രകാരം താഴെക്കോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയും സർക്കാർ സർക്കുലറിനും വിരുദ്ധമായി ചെലവ് ചെയ്ത നടപടിയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനെ എടുക്കാവുന്നതാണെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സബ്സിഡി മാർഗ്ഗരേഖയും സർക്കാർ സർക്കുലറിനും പൂർണ്ണമായും വിരുദ്ധമായാണ് 2010-11 വർഷം ആദിവാസികൾക്ക് വസ്ത്രം, ഭക്ഷണ വിതരണം എന്നിവയ്ക്കായി 68,960/- രൂപ ചെലവ് ചെയ്തിരിക്കുന്നത്. എന്നിരുന്നാലും ആദിവാസി ജനവിഭാഗങ്ങളുടെ ക്ഷേമം കാംക്ഷിച്ചുള്ള പ്രസ്തുത ചെലവ് മൂലം പഞ്ചായത്തിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലെന്ന് ഭരണസമിതി വിലയിരുത്തിയിട്ടുള്ളതിനാലും ഇക്കാര്യത്തിലുള്ള പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ മറുപടി എന്നിവ കണക്കിലെടുത്തും മലപ്പുറം ജില്ലയിലെ താഴെക്കോട് ഗ്രാമപഞ്ചായത്തിന്റെ 2008-09 മുതൽ 2010-11 വരെയുള്ള വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം തടസ്സപ്പെടുത്തിയ 68,960/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു എ ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, താഴെക്കോട് ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ